# പതിനാലാം കേരളനിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 183 | 23.01.2018-ൽ മറുപടിക്ക് |
|---|---|

## 'പോക്സോ' കേസുകളിൽ അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നടപടി

| | ചോദ്യം<br>ശ്രീ. യു.ആർ. പ്രദീപ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | 2017 വർഷത്തിൽ സംസ്ഥാനത്ത് എത്ര പോക്സോ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | | 2575 പോക്സോ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര കേസ്സുകൾ കോടതികളിൽ വിചാരണഘട്ടത്തിൽ ഉണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) | രജിസ്റ്റർ ചെയ്ത ആകെ കേസുകളിൽ 6335 കേസുകളും, 2017 വർഷത്തിൽ രജിസ്റ്റർ ചെയ്ത 1550 കേസുകളും വിവിധ കോടതികളിൽ വിചാരണഘട്ടത്തിലാണ്. |
| (സി) | പോക്സോ കേസ്സുകളിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റപത്രം കോടതികളിൽ സമർപ്പിക്കുന്നതിനും വിചാരണ വേഗത്തിൽ പൂർത്തീകരിച്ച് തീർപ്പ് കൽപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (സി) | പോക്സോ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിന്മേൽ പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുകയും FSL, Chemical Report, Scene Plan, 164 Statement തുടങ്ങിയവയ്ക്ക് അപേക്ഷ കൊടുത്ത് എത്രയുംവേഗം ലഭ്യമാക്കി അന്വേഷണത്തിലിരിക്കുന്ന പോക്സോ ആക്ട് കേസുകളുടെ അന്വേഷണം ത്വരിതഗതിയിൽ പൂർത്തിയാക്കി കുറ്റപത്രം തയ്യാറാക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവി എല്ലാ മാസവും പോക്സോ ആക്ട് കേസുകളുടെയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെയും അവലോകനയോഗം നടത്തുകയും ഇത്തരം കേസുകളിൽ പെൻഡിംഗ് കുറയ്ക്കുന്നതിനും പോക്സോ ആക്ട് കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും അന്വേഷണം പൂർത്തിയാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ |

| | | | |
|---|---|---|---|
| | | | ഇൻസ്പെക്ടർമാർക്കും സബ് ഡിവിഷൻ ഓഫീസർമാർക്കും നൽകിവരുന്നു. പോക്സോ ആക്ട് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷണം നടത്തുന്നതിനും പോലീസ് ആസ്ഥാനത്തെ സർക്കുലർ നം.24/2017 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോക്സോ ആക്ടിൽ പറയുന്ന എല്ലാ നിബന്ധനകളും നിർദ്ദേശങ്ങളും ജില്ലകൾ കൃത്യമായി പാലിച്ചുവരുന്നു. കൂടാതെ ഇത്തരം കേസുകളുടെ വിചാരണവേളയിൽ കോടതി ആവശ്യപ്പെടുന്ന സഹായങ്ങളും ചെയ്തുവരുന്നു. |
| (ഡി) | പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെ അതിക്രമം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ കോടതികൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ